**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2912** **14-02-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാവാഹിനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാവാഹിനി പദ്ധതിയിൽപ്പെട്ട വാഹനങ്ങൾക്കുള്ള പണം ആറ് കോടിയിൽ അധികം രൂപ കുടിശ്ശിക നൽകാൻ ഉണ്ട് എന്ന കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത്ര വലിയ കുടിശ്ശിക ഉണ്ടാകാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2024 ജനുവരി 31 വരെ 6.64 കോടി രൂപ വിദ്യാവാഹിനി പദ്ധതി നടപ്പിലാക്കിയ ഇനത്തിൽ അനുവദിക്കുവാനുണ്ട്. മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതിയുടെ മാർഗ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയാണ് വിദ്യാവാഹിനി പദ്ധതി എന്ന് പുനർനാമകരണം ചെയ്ത് നടപ്പ് വർഷം മുതൽ ടി പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>മുൻവർഷം ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ഗോത്രസാരഥി പദ്ധതി നടത്തിപ്പിൽ കുടിശ്ശിക ഉണ്ടായിരുന്ന തുക പട്ടികവർഗ വികസന വകുപ്പിൽ നിന്നും നടപ്പ് വർഷം അനുവദിക്കേണ്ടതായി വന്നിരുന്നു. കൂടാതെ വിദ്യാവാഹിനി പദ്ധതിയുടെ നടത്തിപ്പിനായി പത്ത് മാസത്തേക്ക് ഏകദേശം 34 കോടി രൂപ നടപ്പ് വർഷം ആവശ്യമാണ്.<br><br>അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വിദ്യാവാഹിനി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ നിലവിൽ അനുവദിച്ച് നൽകാനുള്ള തുക അനുവദിക്കുന്നതിന് അഡീഷണൽ ഓതറൈസേഷൻ/റീ-അപ്രോപ്രീയേഷൻ വഴി തുക കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കുടിശ്ശിക തുക നൽകാത്തതിനാൽ അടുത്ത അധ്യയന വർഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കൂളിൽ പോകുന്നത് തടസ്സം ഉണ്ടാകാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) | പട്ടികവർഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2024 ജനുവരി 31 വരെ 6.64 കോടി രൂപ വിദ്യാവാഹിനി പദ്ധതി നടപ്പിലാക്കിയ ഇനത്തിൽ അനുവദിക്കുവാനുണ്ട്. ആയത്<br><br>സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. |

| | | | |
|---|---|---|---|
| | | | മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതിയുടെ മാർഗ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയാണ് വിദ്യാവാഹിനി പദ്ധതി എന്ന് പുനർനാമകരണം ചെയ്ത് നടപ്പ് വർഷം മുതൽ ടി പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>മുൻവർഷം ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ഗോത്രസാരഥി പദ്ധതി നടത്തിപ്പിൽ കുടിശ്ശിക ഉണ്ടായിരുന്ന തുക പട്ടികവർഗ വികസന വകുപ്പിൽ നിന്നും നടപ്പ് വർഷം അനുവദിക്കേണ്ടതായി വന്നിരുന്നു. കൂടാതെ വിദ്യാവാഹിനി പദ്ധതിയുടെ നടത്തിപ്പിനായി പത്ത് മാസത്തേക്ക് ഏകദേശം **334** കോടി രൂപ നടപ്പ് വർഷം ആവശ്യമാണ്. ഇതോടൊപ്പം ധനവ്യയ നിയന്ത്രണങ്ങളും ട്രഷറി നിയന്ത്രണങ്ങളും മൂലം കുടിശ്ശിക വരാൻ ഇടയായി എങ്കിലും ആയത് പദ്ധതി നടത്തിപ്പിനെ ബാധിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വിദ്യാവാഹിനി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ നിലവിൽ അനുവദിച്ച് നൽകാനുള്ള തുക അനുവദിക്കുന്നതിന് അഡീഷണൽ ഓതറൈസേഷൻ/റീ-അപ്രോപ്രീയേഷൻ വഴി തുക കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ